LIBRARY ARCHIVES Kerala Legislative Assembly

ജയിൽ സുരക്ഷാ നടപടികൾ

89 (1844) ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ജയിലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ :

(ബി) ജയിൽ സുരക്ഷയ്ക്കായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;

(സി) അവയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി&സി) ജയിലിൽ സുരക്ഷയ്ക്കായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ താഴെ ചേർക്കുന്നു.

ജയിലിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുകയും നിലവിലുള്ള ജയിലുകൾക്ക് പുതിയ ബാരക്കുകളും ബ്ലോക്കുകളും സ്ഥാപിക്കുകയും ചെയ്തു. തടവുചാട്ടം ഇല്ലാതാക്കുന്നതിനായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് തടയുന്നതിനായി കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമർ സ്ഥാപിച്ചു. തടവുകാരുടെ ജയിലിനകത്തെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി കണ്ണൂർ സെൻട്രൽ ജയിലിലും സൂക്ഷ്മ നിരീക്ഷണ ക്യാമറാ സംവിധാനം (സി.സി.ടി.വി- സർവെയ്ലൻസ്) സ്ഥാപിച്ചു. തിരുവനന്തപുരം, കോട്ടയം എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പാടാക്കുക വഴി നിരോധിത വസ്തുക്കൾ ജയിലിനകത്ത് കൊണ്ടുവരുന്നത് തടയുന്നതിനും, കോടതിയിലേക്കുള്ള യാത്രാമദ്ധ്യേ തടവുകാരുടെ രക്ഷപ്പെടലും ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. മൂന്നു സെൻട്രൽ ജയിലുകളിലും പെരിഫെറൽ സെക്യൂരിറ്റിക്കായി പോലീസ് സേനയെ നിയോഗിച്ചു.

തടവുകാർക്കുള്ള ക്ഷേമപദ്ധതികൾ

90 (1845) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം തടവുകാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ?